
തൊടുവിരൽ.കോം

# ***EDITORIAL BOARD***

*1.ALAN AJAY KRISHNA*
*2.ABHIRAM M*
*3.K GAUTHAM KRISHNA*
*4.MUHAMMED NABUHAN M K*
*5.FAHIMA*
*6.FATHIMATHUL SHANIYA T P*

***PRAMOD C (KITE MASTER)***
***AKHILA C (KITE MISTRESS)***

# LITTLE KITES MEMBERS

---

1.ABHIRAM. E. K
2.ABHIRAM. M
3.ABHINAND BALAKRISHNAN
4.ABHISHEK. K
5.ABHISHEK. V
6.ADITHYAN. K
7.ADINAN AHAMMED
8.ADWAITH. K. V
9.AJSAL C. V
10.ALAN AJAY KRISHNA.
11.ASWIN. MP
12.DEVADATH T. M
13. GAUTHAM KRISHNA
14.HARI KRISHNA T. O
15.JASIM T. N
16.JASIM ASHRAF
17.MAYOOKH. K
18.MITHUN. P
19.MUBARIS. C. V
20.MUHAMMED MINHAJ.C
21.MUHAMMED NABUHAN M. K
22.MUHAMMED RIFAH C. P
23.MUHAMMED RIZWAN. M. P
24.MUHAMMED SAHAD. K. T
25.MUHAMMED SHABAS. P

26.MUHAMMED SINAN. A. V
27.NIHAD. C. P
28.SHRIPAD VINOD
29.YADUNATH. K
30.SAWAD. C
31.ARADHYA. K
32.FAHIMA
33.FATHIMA. P. K
34.FATHIMA ASHA
35.FATHIMA HUDA. C. K
36.FATHIMA FIDHA. M. K
37.FATHIMATHUL MIZNA. K. T
38.FATHIMATHUL SHANIYA. T. P
39.RINSA FATHIMA. C
40.SAMEENA. C. M
41.SANHA SHERIN. K. T
42.VINAYAK PRADEEP. M

# ആശംസ

**വി**ദ്യാർത്ഥികളിലെ സർഗാത്മകത പ്രകടിപ്പിക്കാൻ സാധിക്കുക എന്നതും,അത് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രസിദ്ധീകരിക്കുക എന്നതും,അത്യന്തം അഭിനന്ദനാർഹങ്ങളാണ് .

ശാസ്ത്രസാങ്കേതിക വിദ്യയോടൊപ്പം സർഗചിന്താധാരകളേയും വളർത്താനുതകുന്ന പ്രവർത്തനങ്ങൾ ഇനിയും ഉണ്ടാകട്ടെ.

കൂടാളി ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസീന് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം
നിങ്ങളുടെ ഹെഡ്മാസ്റ്റർ
K. V. MANOJ

# ആമുഖം

ആത്മാവിഷ്ക്കാരത്തിന് നൂതന സങ്കേതങ്ങൾ തേടിക്കൊണ്ടിരിക്കുകയാണ് യുവതലമുറ. കുട്ടികളുടെ സർഗ ശേഷിയെ അടയാളപ്പെടുത്തുക എന്നതാണ് മാഗസിനുകൾ പോലെയുള്ള പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ ധർമം. അതിനായി ഒരുങ്ങിയ ഒരു കൂട്ടം വിദ്യാർഥികളുടെ സാഫല്യമാണിത്. തങ്ങളുടെ മനസ്സിൽ രൂപം കൊണ്ട ചുറ്റുപാടുകളെ,അനുഭവങ്ങളെ,വൈകാരിക ഭാവങ്ങളെ ഭാവനയുടെ മേമ്പൊടി ചേർത്ത് ഈ മാധ്യമത്തിലൂടെ അവർ നിങ്ങൾക്കു മുമ്പിൽ അവതരിപ്പിക്കുന്നു.......

## ഉള്ളടക്കം

ഒരു ചിത്രം.....................................................................................8
അച്ഛൻ.........................................................................................9
അമരത്വം....................................................................................12
ഭൂമിയുടെ സമ്മാനം.....................................................................14
വഴി തെറ്റുന്ന കൗമാരം................................................................15
നവകേരള നിർമിതിയിൽ കുട്ടികളുടെ പങ്കാളിത്തം..........................18
വിവരസാങ്കേതിക വിദ്യയും സാഹിത്യവും.....................................20

# ഒരു ചിത്രം

ഞാനൊരു ചിത്രമാണ്...
നിറങ്ങൾ മാഞ്ഞു പോയൊരു ചിത്രം
നിറങ്ങൾ മായും മുമ്പേ...'
വാൻഗോഗിന്റെ സൂര്യകാന്തിപ്പൂക്കളുടെ
സുവർണ ശോഭയുള്ളതായിരുന്നു എന്റെ വസ്ത്രം '..,

വജ്രദീപ്തി പകരുന്ന മിഴികൾ നക്ഷത്രങ്ങളേക്കാൾ തിളക്കമേറിയതിനാലാവണം കാഴ്ച ദൂരേക്കെങ്ങോതിരിച്ചത്....
രാവൊളിച്ച വാർമുടിയിൽ നിറം പകരാനില്ലാതെ മടിച്ചു നിന്നപ്പോൾ..
ആ കലാകാരൻ രക്ത വർണമുള്ള ഒരു ശീല കൊണ്ടാ ശിരസ്സു മറച്ചു വച്ചു.,,,,
കാലമേറെ അഭൗമ വർണങ്ങളുമണിഞ്ഞ്
കൗമാര തുടിപ്പോടെ അനന്തതയിലേക്കു റ്റു നോക്കിയിരുന്ന ചിത്രമായിരുന്നു ഞാൻ..
പൂക്കളിൽ നിന്നും പൂമ്പാറ്റകൾ പാറി പോകും പോലെ ഒരു ദിനം ചിത്രത്തിൽ നിന്നും വശ്യമായ നിറങ്ങളൊക്കെ പറന്നകന്നു.,,,
സ്വപ്നങ്ങൾ നഷ്ടപ്പെട്ട മനുഷ്യരെപ്പോലെ...
കറുപ്പും വെളുപ്പും മാത്രമായി.......
അപ്പോഴേക്കും ആ കലാകാരൻ തന്റെമറ്റൊരു ചിത്രത്തിന് ജീവൻ തുടിക്കുന്ന നിറങ്ങൾ പകരുകയായിരുന്നു...
ദീപ്തി ഭരതൻ*****

# അച്ഛൻ

അച്ഛനെ പോലെ വയസ്സന-
ല്ലെങ്കിലും അച്ഛനെക്കാളും
വയസ്സെനിക്ക്!
അച്ഛന് ഷുഗറില്ല പ്രഷറില്ല
വിറയില്ല, അച്ഛനെക്കാൾ
മുന്നിലോടുന്ന ഞാൻ....
ന്യൂയോർക്കിലാണ ഞാൻ
ന്യൂജനമാണ ഞാൻ
നൂതന ജ്ഞാനത്തിൽ അഗ്ര-
ഗണ്യൻ.....
നൂതന യന്ത്രവും നൂതന
ഗ്രന്ഥവും നൂതന രോഗവും
സ്വന്തമുള്ളോൻ.....
നാലുമുറികളിൽ നാലായ്
കഴിയുന്ന നാലുപേരാണെന്റെ
"സ്വർഗലോകം"
നാണക്കേടാവേണ്ടാരാലിൻ
തണലിലും നാണമില്ലാതെ
ഇരിക്കുന്ന ഞാൻ!
നാട്ടിലൊറ്റയ്ക്കെന്റെ
അച്ഛനിന്നെങ്കിലും നാടി-
ന്റെ നന്മകൾ കൂടെയുണ്ട്,
നാടൊക്കെ മാറീലെ കുട്ടാ...
നിനക്കിനി നാട്ടിലെന്തെങ്കിലും
ചെയ്യുകൂടെ...വേണ്ട
വസ്തുക്കളും വേണ്ടാതീനങ്ങളും
വേണ്ടതിലേറെ നീ നേടിയില്ലേ...

വീട്ടിൽ വിളിക്കുമ്പൊഴച്ഛൻ
പറയുന്നു കുട്ടാ എനിക്കിനി-
എത്രകാലം.......
“പുത്തൻ പ്രൊജക്ടിന്നു പാതി-
യിൽ നിൽക്കുന്നു, പുത്തൻ
പഠിപ്പുക്കാർ കൂവിലുണ്ട്...
എന്നും പറയുന്നതന്നും പറ-
ഞ്ഞപ്പോൾ അന്നാദ്യമച്ഛൻ
പറഞ്ഞുപോയി,”വേണമെ-
ങ്കിൽ ചക്ക വേരിലും
കായ്ച്ചിടും" വെക്കേഷനാണു
വരുന്ന മാസം മോനേയും
മോളേയും കൂട്ടി വന്നിടേണം....
അവർക്കെന്നെ ഓർമ്മയുണ്ടോ......
ഭാര്യയെ പറ്റി പറയാത്ത-
തച്ഛന്റെ ഓർമ്മപ്പിശകിന്റെ
ഭാഗമല്ല ഓർമ്മയിലുണ്ടാകും
ഒത്തിരി കാര്യങ്ങൾ ഓർമ്മ-
പോയാലും മറക്കാത്തതായ്.....
സ്നേഹിച്ചു ലാളിച്ചു കൂട്ടിൽ
കഴിയാതെ കാക്ക കുയിലായ്
വളർന്നവൻ ഞാൻ....
സ്നേഹമേയില്ലാത്ത കൂട്ടിലാ-
ണിപ്പഴാ കാവൽ മൃഗം
കോളിലാണെപ്പൊഴും
കാണുന്നവർക്കു ഞാൻ
ഭാഗ്യതാരം...
കാര്യംപോലെ കാവലാളായ്;;
കാറിലാണെപ്പൊഴും

കോളിലാണെപ്പൊഴും
കാണുന്നവർക്കു ഞാൻ
ഭാഗ്യതാരം...
കാര്യം പറഞ്ഞാലതല്ലല്ലോ
ജീവിതം "കാറും കോളും"
തന്നെ എന്നുമെന്നും
അന്ധമാം രാജാവിന്റെ
അന്ധമാം സ്നേഹത്തെക്കാ-
ളന്ധമായി സ്നേഹിക്കുന്നു
മക്കളെയെന്നും താതൻ
അച്ഛനെയറിയുവാൻ
അച്ഛനാകണം പെരു-
ന്തച്ഛനോ കഥവെറും
കഥയായ് തോന്നുന്നിപ്പോൾ......

മാളവിക. പി. വി
VIII-H

# അമരത്വം

കേരങ്ങളിൽ കേരമായൊരു നാട്ടിലായി
ഏതോ വെളിച്ചമായി എത്തിനോക്കി.
ആരുമറിയില്ല എങ്ങുമറിയില്ല
മലകൾക്കിടയിലാ പൂങ്കനാരൻ.....
സൂര്യൻതൻ നാട്ടിലായി,കേരള നാട്ടിലായി
ഏഴ് നിറങ്ങളായിഎത്തിനോക്കി.
പ്രകൃതിതൻ മക്കളായി മഴവില്ലുപോലെയായി
പുഴകളും മലകളും വൃക്ഷവുമായി....
നരനായി പകർത്തിയ ജീവിത വഴി
നീചത്വമായി വന്നു പ്രകൃതിയിൽ നമ്മളായി....
അമ്മയായി പാലൂട്ടിനിർത്തിയ പ്രകൃതിയെ.....
കൊത്തിപ്പഴപ്പിച്ച കൊന്നൊടുക്കി.....
നീർച്ചാലിനെ ചോരയാക്കി നാം മാറ്റിയെൻ
ഭൂമിതൻ ജീവിതം പിളർത്തിയെങ്ങോ....
വൈരക്കല്ല് വിതറിയ മാനമോ
കൊടിപടലത്തന്റെ കൂടാരമായി....
അമരത്ത്വത്തിൻ പച്ച കൊടിയുമായി മാനവർ
വാദകനെന്ന പേർ വീണിടുന്നു.
മാനവജീവൻതൻ അമ്മയാം പ്രകൃതിയെ
മരണത്തിനിരയാക്കി വീണിടുന്നു.
മഴതൻ ചേതന അറ്റുപോകുന്നിതാ....

കണ്ണീരുമായി എന്നും മഴയുമായി....
വൃക്ഷങ്ങളോ തന്റെ ധമനിയിൽഒരു തുള്ളി-
ചോരയെ തേടി നടക്കുന്നുവോ....

ദേവേന്ദു. കെ.
പി
VIII-J

# ഭൂമിയുടെ സമ്മാനം

മനുഷ്യാ നീ കാണുന്നില്ലേ ഈ ഭൂമിയിൽ
മണ്ണായ് നിനക്കു നൽകീടുന്ന സമ്മാനം
മർത്വനായ് തിരയുന്ന ശവകുമ്പാരങ്ങൾ
മണ്ണിലമർ ന്നീടുന്നു നിത്യം മലിനമായ്

മതിലുകൾ വാനിലുയർത്തുന്നു നീ നിൻ
മാളിക ചുറ്റും അതിർത്തികൾ കാണവാൻ
മതിലുകൾ ഭൂമിക്കു കാണകില്ല പിന്നെ,
മനുഷ്യനെ മാത്രം അവന്റെ കുലീന മനസ്സുമാത്രം

മന്ത്രങ്ങൾ ഉച്ഛരിക്കുന്ന ഉൽക്കടമായ
മതങ്ങൾ അദ്വൈതനാണാ ഒറ്റ മുറിക്കുള്ളിൽ
മടങ്ങി വരുകില്ല എന്നറിയാമെങ്കലും
മർത്യനായി തിരയുന്നു മനസ്സിലെങ്ങും പ്രിയർ

മുകമാം പ്രകൃതിക്കുമുമ്പിൽ നീ കയ്യാളുന്നി താ
മൂന്നിലൊന്നായ ഈ പീളയാലുള്ള കരഭാഗംമാത്രം
മുന്നിലില്ല നിനക്കീ കൗതുഹല ഭൂമിയിൽ
മുട്ടുവാൻ ചക്രവാളമല്ലാതെ നിൻ ഭൂഷണഫലം

സിനാൻ.എ.വി
X-H

# വഴി തെറ്റുന്ന കൗമാരം



സാങ്കേതിക വിദ്യ അതിവേഗം വികസിച്ചു വരുന്ന ഈ കാലഘട്ടം മുമ്പത്തെ പോലെയല്ല.ഇന്ന് കുട്ടികൾ വഴി തെറ്റുന്നത് നാം കൈയിൽ കൊണ്ടു നടക്കുന്ന മൊബൈൽ ഫോണിന്റെ ബട്ടൺ അമർത്തുന്നതിനേക്കാൾ വേഗത്തിലാണ്.പണ്ടത്തെ പോലെ മാതാപിതാക്കളെ വകവയ്ക്കുന്നവരല്ല ഇന്നത്തെ തലമുറക്കാരായ കുട്ടികൾ. ഇന്ന് അവർക്ക് ഉപദേശങ്ങൾ കേൾക്കാൻ താൽപര്യമില്ല.അത് അവരുടെ കുറ്റമല്ല.ഈ വേഗത നിറഞ്ഞ കാലത്തെ ബാധിച്ചിരിക്കുന്ന ഒന്നാണ്.

മാനസികവും ശാരീരികവും ബുദ്ധിപരവുമായ മാറ്റങ്ങൾ ഉണ്ടാകുന്ന കാലമാണ് കൗമാരം.ഇന്ന്

നമ്മുടെ സമൂഹത്തിൽ നമുക്ക് കാണാൻ കഴിയുന്നത് മദ്യത്തിനും മയക്കുമരുന്നിനും മറ്റും അടിമയായി മാനസികനില തെറ്റി തെറ്റിലേക്ക് നീങ്ങുന്ന വിദ്യാർഥി സമൂഹത്തെയാണ് . വർത്തമാന പത്രങ്ങളിൽ എന്നും ഉയർന്നു വരുന്ന വാർത്തകൾ വർധിച്ചു വരുന്ന വാഹന അപകടങ്ങളും കൊലപാതകവും മറ്റും കൗമാര കുറ്റ കൃത്യങ്ങളുമാണ് ഇത് എല്ലാം തന്നെ സമൂഹത്തെ വളരെയധികം ബാധിക്കുന്നു. മകൻഅച്ഛനെകൊല്ലുന്നതും അച്ഛൻ മകനെകൊല്ലുന്നതുമൊക്കെയുമാണ് നമ്മൾ പല ഇടങ്ങളിലായി കാണുന്നത്. കണ്ണിചോരയില്ലാതെ പണത്തിനും സമ്പത്തിനും വേണ്ടി തമ്മിൽ തല്ലുന്നതാണ് നമുക്ക് കാണാൻ സാധിക്കുന്നത്.

ഇന്ന് വർത്തമാനപത്രങ്ങളിൽ വർധിച്ചു വരുന്ന വാർത്തകൾ പ്രായപൂർത്തിയാകാത്ത വിദ്യാർത്ഥികൾ അപകടത്തിൽപ്പെടുന്നതാണ് അവർ അവരെ തന്നെ മറക്കുന്നതാണ് ഇത്തരം അവസ്ഥകൾക്ക് കാരണം. പല പ്രശ്നങ്ങളും കാരണം, മാനസിക നിലതെറ്റി കൊലപാതകവും മറ്റു കുറ്റ കൃത്യങ്ങൾ ചെയ്യാൻ പോലും അവർ പ്രാപ്തരായിരിക്കുന്നു

ഈയിടെ പത്രങ്ങളിൽ വന്ന വാർത്തയായിരുന്നു പ്രണയ അഭ്യർത്ഥന നിരസിച്ചതിന് 18 വയസ്സുകാരിയെ 20 കാരൻ വീട്ടിൽ കയറി പെട്രോൾ ഒഴിച്ച് കൊന്നു എന്നത്. ഇതുപോലെ നിരവധി കാഴ്ചകൾ ഇന്ന് നമ്മുടെ സമൂഹത്തെ വളരെയധികം ബാധിക്കുന്ന ഒന്നായി മാറിയിരിക്കുന്നു. ഇങ്ങനെ പോയാൽ നമ്മുടെ ഇനി വരുന്ന തലമുറയുടെ അവസ്ഥ എന്തായിരിക്കും ?

ലഹരി എന്ന വസ്തുവാണ് ഇന്നത്തെ ഒട്ടുമിക്ക പ്രശ്നങ്ങൾക്കും കാരണം. കുട്ടികളെ കൊലപാതകം ചെയ്യുവാൻ പ്രേരിപ്പിക്കുന്നതും ആത്മഹത്യയിലേക്ക് നയിക്കുന്നതും റോഡ്

അപകടങ്ങൾ ഉണ്ടാ ക്കുവാനും കാരണം ലഹരി പോലുള്ള പദാർത്ഥങ്ങളാണ്.

പണ്ടു മുതലെ മഹാത്മാഗാന്ധിയെ പോലുള്ള മഹത് വ്യക്തികൾ വരെ എതിർത്ത ഒന്നായിരുന്നു ലഹരി പദാർത്ഥങ്ങൾ. അത് ഇന്നും നമ്മുടെ സമൂഹത്തിൽ ഒരു വില്ലനായി നിലകൊള്ളുന്നു.ഇന്നു വളർന്നു വരുന്ന യുവതലമുറ വഴിതെറ്റി പോകാതിരിക്കാൻ സമൂഹത്തിന് പല ഉത്തരവാദിത്വങ്ങൾ ഉണ്ട്. അത് അവർ നല്ല രീതിയിൽ ചെയ്യേ ണ്ടിയിരിക്കുന്നു. ഇനി നമ്മുടെ സമൂഹത്തിൽ കൗമാരകുറ്റകൃത്യങ്ങൾ ഒന്നും നടന്നു കൂടാ... അതിനു നമ്മൾ ഒറ്റക്കെട്ടായി പ്രയത്നിക്കണം.

കൗമാരകുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികൾക്ക് പലതരത്തിലുള്ള കൗൺസിലിംഗ് ക്ലാസുകളും നൽകിക്കൊണ്ട് നമുക്ക് മാറ്റിയെടുക്കാൻ സാധിക്കും.നമ്മുടെ സമൂഹത്തെ ബാധിക്കുന്ന ഇത്തരത്തിലുള്ള പ്രശ്ന ങ്ങൾ പരിഹരിക്കാൻ സംഘടനകളും മറ്റും ആസൂത്രണം ചെയ്തുകൊണ്ട് ഒരു പുതുതലമുറയ്ക്കുവേണ്ടി നമുക്ക് ഒരുമിച്ച് മുന്നേറാം.

അനിക രാജേഷ്
IX-G

# നവകേരള നിർമിതിയിൽ കുട്ടികളുടെ പങ്കാളിത്തം

**കേ**രളത്തിലെ ആരോഗ്യമേഖലയിൽ വലിയ മാറ്റങ്ങൾ വരുത്താനും, കാർഷിക മേഖല വർധിപ്പിക്കാനും, പാർപ്പിട പ്രശ്നങ്ങൾ പരിഹരി ക്കാനും, പൊതു വിദ്യാഭ്യാസ മേഖലയിലും കുതിപ്പ് ലക്ഷ്യമാക്കി നടത്തുന്ന പദ്ധതിയാണ് നവകേരളം. കേരളത്തിന്റെ പുരോഗതി മെച്ച പ്പെടുത്താനുള്ള ഒരു യജ്ഞമാണിത്.

കുട്ടികളുടെ വിദ്യാഭ്യാസംമെച്ചപ്പെടുത്തുന്നതോടോപ്പം നല്ലൊരു തലമുറയെ വാർത്തെടുക്കുവാനാണ് ഈ പദ്ധതി നിലകൊള്ളുന്നത് .കുട്ടികളുടെ ഈ പദ്ധതിയിലെ പങ്കാളിത്തം വളരെ വിലപ്പെട്ടതാണ്.

പുതിയ ഒരു ഉന്നതമായ കേരളത്തെ സൃഷ്ടിക്കാൻ തൊഴിൽ രംഗത്തും, വിദ്യാഭ്യാസ രംഗത്തും,സാമൂഹ്യ സേവന രംഗത്തും കുട്ടികളുടെ പിന്തുണ ആവശ്യമാണ്. കുട്ടികളാണ് നമ്മുടെ സമൂഹത്തിന്റെ ഭാവിതലമുറ. അതിന്റെ വികസന മെന്നാൽ ഈ കേരളത്തിന്റെ വികസന മാണ്.അതുകൊണ്ട് കുട്ടികളുടെ പങ്കാളിത്തം നവകേരളമെന്ന പദ്ധതിയെ അത്യന്തം വിജയകരമായി നടപ്പിലാക്കാൻ സഹായിക്കുന്നു.

മാളവിക.എസ്. നമ്പ്യാർ

IX-G

# വിവരസാങ്കേതിക വിദ്യയും സാഹിത്യവും




നാലിതളുള്ള,ലോകം മുഴവൻ വ്യാപിച്ച കിടക്കന്ന, ജാതിമതഭാഷാ ഭേദമന്യേ നിലകൊള്ളുന്ന ഒരു പുഷ്പമാണ് സാഹിത്യം. ഇന്നത്തെ കാലത്ത് വിവരസാങ്കേതിക വിദ്യയിലൂടെവളരുന്ന സാഹിത്യത്തിന് വളരെയധികം പ്രധാന്യമുണ്ട്. പണ്ടത്തെ കാലത്ത് ത്രൂലികയിൽ നിന്ന് അടർന്നുവീഴുന്ന വാക്കുകൾ ഒതുക്കി വച്ച ഒരു പുസ്തകരൂപമായിരുന്നു സാഹിത്യം എന്നാൽ ഇന്ന് നമുക്ക്സങ്കല്പിക്കാൻ കഴിയുന്നതിനുമപ്പുറം സാഹിത്യം വളർന്നിരിക്കുന്നു.



ഒരു കാലത്ത് പുത്തൻ മഷിയുടെയും പുസ്തകത്താളുകളുടേയും ഗന്ധമറിഞ്ഞ് വായനയിലേക്ക് ആഴ്ന്നുപോകുന്നവരായിരുന്ന മലയാളികൾ, എന്നാലും മനസ്സിനിണങ്ങിയ പുസ്തകം ലൈബ്രറിയിൽ നിന്ന് കണ്ടെത്തിയെടുത്ത് വായിക്കുക എന്നത് വലിയ പ്രയാസം തന്നെയായിരുന്നു. എന്നാൽ ഇന്നത്തെ അവസ്ഥ അതല്ല. നമുക്ക് വിരൽത്തുമ്പുകൊണ്ട് ഏത് ലോകത്തെത്തുവാനും എല്ലാം അറിയാനുംവിവര സാങ്കേതിക വിദ്യ സഹായിക്കുന്നു. ഇതിനുള്ള പ്രധാനകാരണം വിവരസാങ്കേതിക വിദ്യയുണ്ടായ പുരോഗമനമാണ്. ഇരുപതാം നൂറ്റാണ്ടു മുതൽ കമ്പ്യൂട്ടർയുഗം തുടങ്ങി എന്ന് പറയും പോലെ, തിരിച്ച് പോകാനാകാത്ത വിധം മെച്ചപ്പെട്ടാണ് നാം ഇന്ന് നിൽക്കുന്നത് കമ്പ്യൂട്ടറിലാണ്. ഇത്രയും ജീവിതാവസ്ഥയും, ജീവിതാവസരങ്ങൾ ഉണ്ടായിട്ടും സാഹിത്യം വിവരസാങ്കേതിക വിദ്യയിൽ കുറെ വെല്ലുവിളി കൾ നേരിടുന്നുണ്ട്.

തൊട്ടുവിരൽ.കോം




വിവരസാങ്കേതിക വിദ്യയിലൂടെ സാഹിത്യത്തെ അടുത്തറിയാൻ സാധിച്ചെങ്കിലും, പുസ്തകമെന്തെന്നോ, അതിന്റെ വിലയെന്താണെന്നോ മനസ്സിലാക്കാൻ ഇന്ന് നാമാരും ശ്രമിക്കാറില്ല. UNI CODING പോലുള്ള സാങ്കേതികവിദ്യ പൂർണ്ണമായും പ്രായോഗികമാകാത്തതിന്റെ ബുദ്ധിമുട്ടുകൾ പ്രദേശിക ഭാഷകൾ ടൈപ്പ് ചെയ്യുമ്പോഴേ മനസ്സിലാ വുന്നുള്ളൂ. പുസ്തകങ്ങളിൽ പലപ്പോഴും കാണുന്നതെറ്റുകളുടെ പ്രധാന കാരണവും അതാണ്. വിവരസാങ്കോതികവിദ്യ എത്ര പുരോ ഗതി നേടിയാലും അതൊക്കെ എത്തിച്ചേരാത്ത ഉൾനാടൻ ഗ്രാമങ്ങളിൽ ഇതിനുള്ള പ്രസക്തി കുറയുന്നു. AMAZON KINDLE, E-READING പോലുള്ള വിദ്യകൾ ഇന്ന്

വായനയെന്തെന്ന് പുതിയ തലമുറയെ പഠിപ്പിക്കുമ്പോൾ ഇതിനുള്ള വെല്ലുവിളികൾ ഇതിന് പരിമിതികൾ സൃഷ്ടിക്കുന്നു.

ഇന്നത്തെ കാലത്ത് ആളുകൾ വായന ഇഷ്ടപ്പെടുന്നുണ്ടെങ്കിൽ, സാഹിത്ത്യത്തെ സ്നേഹിക്കുന്നുവെങ്കിൽ അതിനുള്ള കാരണവും വിവരസാങ്കേതിക വിദ്യയാണ്. സാഹിത്ത്യത്തിന് പുത്തൻ ഉണർവുകൾ നൽകുവാനും ഇതിന് സാധിച്ചിട്ടുണ്ട്. ലോകത്തിന്റെ ഓരോ ഏട്ടും ഇന്ന് DIGITAL സംവിധാനങ്ങൾ കൊണ്ട് നിർമ്മിക്ക പ്പെടുമ്പോൾ വായന യെയും സാഹിത്യത്തേയും നാം മറന്നുപോകുമോ എന്ന ഭയമുള്ള പഴയതലമുറയ്ക്ക് വ്യക്തമായ മറുപടിനൽകാൻ ഇന്നത്തെലോകത്തിന് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടായിരിക്കാം നാം DIGITAL യുഗത്തെ ഇഷ്ടപ്പെടുന്നതും അതിൽ തന്നെ ജീവിക്കുവാൻ ആഗ്രഹിക്കുന്നതും.

ശ്രീപ്രിയ. പി
X-G






NIKITHA
X-F



ANSIL
X C



VISHNU NV
X B